**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5755** **08-11-2021 - ൽ മറുപടിയ്ക്ക്**

**കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016-20 കാലയളവിൽ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി) നടത്തിയ പ്രവർത്തന ഫലമായുണ്ടായ നേട്ടങ്ങൾ എന്തെല്ലാമായിരുന്നെന്ന് വിവരിക്കാമോ; | (എ) | നേട്ടങ്ങളെ സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഈ കാലയളവിൽ ഓരോ വർഷവുമുണ്ടായ വിറ്റുവരവ് എത്ര വീതമായിരുന്നു എന്ന് അറിയിക്കുമോ; | (ബി) | 2016-20 കാലയളവിലെ കമ്പനിയുടെ വിറ്റുവരവിനെ സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ഈ കാലയളവിൽ ഔഷധ നിർമ്മാണത്തിലുണ്ടായ പുരോഗതി എന്തെല്ലാമായിരുന്നു; പുതുതായി ഏതെല്ലാം ഔഷധങ്ങളുടെ ഉത്പാദനം ആരംഭിച്ചിരുന്നു എന്ന് അറിയിക്കുമോ; | (സി) | ഔഷധ നിർമ്മാണ മേഖലയിലെ ആധുനിക സംവിധാനങ്ങൾ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യിൽ അവലംബിച്ച് ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാൻറ്, നോൺ ബീറ്റാലാക്ടം പ്ലാൻറ് എന്നിവ പൂർത്തീകരിക്കുകയും, ഉല്പാദനം ആരംഭിക്കുകയും ചെയ്തു. ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മെഷീനുകൾ സ്ഥാപിച്ചത് വഴി ഗുണമേന്മയുള്ള മരുന്നുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചു. നോൺ ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ആരോഗ്യ മേഖലയിലേക്ക് ആവശ്യമായ ഇൻജക്ഷൻ മരുന്നുകൾ വിതരണം ചെയ്യുന്നതിന് സാധിക്കും. ജർമ്മൻ സാങ്കേതിക വിദ്യ അവലംബിച്ചിരിക്കുന്ന പ്ലാൻറിൽ ഗുണനിലവാരമുള്ള ഇൻജക്ഷൻ മരുന്നുകൾ ലഭ്യമാക്കുവാൻ സാധിക്കും. കൂടാതെ പുതിയ മരുന്നുകൾ വികസിപ്പിക്കുന്നതിനായി CSIR NIIST യുമായി കരാർ ഒപ്പിട്ടിട്ടുള്ളതുമാണ്. അവയവ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർക്കായുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്ന പ്രക്രിയ അവസാനഘട്ട പരീക്ഷണത്തിലാണ്. കൂടാതെ ഓങ്കോളജി പാർക്കിന്റെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുത്ത് തുടർനടപടികൾ ആരംഭിച്ചു. |
| (ഡി) | നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം | (ഡി) | 1. ഓങ്കോളജി പാർക്കിന്റെ നിർമ്മാണത്തിനായി |

| | | | |
|---|---|---|---|
| | ചെയ്തുവരുന്നതെന്നും അവ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | | പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. ഇതിനായി കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്ക്, KIIFB യുടെ പ്രാഥമിക അംഗീകാരം ലഭിച്ചിട്ടുണ്ട്. KIIFB യുടെ അന്തിമ അംഗീകാരത്തിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. KIIFB യുടെ അംഗീകാരം ലഭിച്ചതിന് ശേഷം 28 മാസം കൊണ്ട് കെട്ടിട നിർമ്മാണവും അടിസ്ഥാന സൗകര്യങ്ങളും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടുന്നത് 2. താഴെപ്പറയുന്ന അഞ്ച് ഇനം മരുന്നുകൾ മാർക്കറ്റിൽ എത്തിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു Linezolid Tab 500 mg – അണുബാധയ്ക്കെതിരെ ഉള്ളത് Hydroxy Chloroquine Tab 50 mg – മലേറിയ, കൊറോണ എന്നിവയ്ക്കെതിരെ ഉള്ളത് Metformin Hcl tab SR 500 mg – പ്രമേഹത്തിന് എതിരെ ഉള്ളത് Atorvastatin tab 10 mg – കൊളസ്ട്രോളിന് എതിരെ ഉള്ളത് Cetrizine syrup – അലർജിക്ക് എതിരെ ഉള്ളത് |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## 2016-20 കാലയളവിൽ കെ.എസ്.ഡി.പി നടത്തിയ പ്രവർത്തന ഫലമായുണ്ടായ നേട്ടങ്ങൾ

| | |
|---|---|
| 2017 | • ഡ്രൈ പൗഡർ ഇൻജക്ഷൻ മരുന്നുകളുടെ ഉൽപാദനത്തിനായുള്ള 9 കോടി രൂപ മുടക്ക് മുതൽ വരുന്ന ബീറ്റാലാക്ടം ഡ്രൈ പൗഡർ ഇൻജക്ഷൻ പ്ലാന്റ് 2017-ൽ ഉദ്ഘാടനം ചെയ്തു.<br><br>• ആധുനിക ടെസ്റ്റിംഗ് ലബോറട്ടറിക്കു നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബറേഷൻ ലബോറട്ടറീസിന്റെ (NABL) അംഗീകാരം ലഭിച്ചു.<br><br>• നോൺബീറ്റാലാക്ടം ഗണത്തിലുള്ള മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനായുള്ള പുതിയ നോൺബീറ്റാലാക്ടം പ്ലാന്റിനു സർക്കാർ ഭരണാനുമതി നൽകി. |
| 2018 | • ബീറ്റാലാക്ടം പ്ലാന്റിനു ലോകാരോഗ്യ സംഘടനയുടെ (WHO) അംഗീകാരം. |
| 2019 | • 2019-ൽ പ്രവർത്തനത്തിൽ വന്ന നോൺ ബീറ്റാലാക്ടം പ്ലാന്റ് 158 ഇനം മരുന്നുകൾ ഉൽപാദിപ്പിക്കാൻ ശേഷിയുള്ളതാണ് ടി പ്ലാന്റിൽ വർഷത്തിൽ 144 കോടി ടാബ്‌ലറ്റുകൾ, 18 കോടി കാപ്സ്യൂളുകൾ, 1.2 ലക്ഷം ലിറ്റർ ലിക്വിഡ് മരുന്നുകൾ, 4.23 കോടി ഒ.ആർ.എസ് എന്നിവയും അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കു നൽകുന്നതിനുള്ള 9 ഇനം മരുന്നുകളും ഉൽപാദിപ്പിച്ചു. ടി മരുന്നുകൾ 30 മുതൽ 70 ശതമാനം വരെ വിലക്കുറവിൽ സാധാരണക്കാരിൽ എത്തിക്കുവാൻ സാധിക്കും (അവയവ മാറ്റ രോഗികൾക്കായുള്ള മരുന്ന് ബയോ ഇക്വലൻസി പഠനം കൂടെ പൂർത്തിയായാൽ വിപണിയിൽ എത്തിക്കാൻ കഴിയും)<br><br>• ഇഞ്ചക്ഷൻ മരുന്നുകൾ ഉൽപാദിപ്പിക്കുന്നതിനായുള്ള 50 കോടി മുതൽ മുടക്കിലുള്ള എൽ.വി.പി/എസ് .വി.പി/ഓഫ്താൽമിക് പ്ലാന്റിന്റെ നിർമ്മാണ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. |

| | |
|---|---|
| | • കേരളത്തിനു പുറമേ ആന്ധ്രാപ്രദേശ് , തെലങ്കാന, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലേക്ക് മരുന്ന് വിതരണം ചെയ്യുന്നതിനായി അത്യാധുനിക സൗകര്യങ്ങളോട് കൂടിയ എയർ കണ്ടീഷൻ ചെയ്ത ചരക്കു വാഹനം 30 ലക്ഷം രൂപക്ക് വാങ്ങുന്നതിനായി ഭരണാനുമതി നൽകി. |
| 2020-21 | • ക്യാൻസർ മരുന്നുകൾ കുറഞ്ഞ വിലക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ക്യാൻസർ മരുന്നുകളുടെ ഉൽപാദനത്തിനായി 105 കോടി രൂപയുടെ "ഓങ്കോളജി ഫാർമ പാർക്ക് " സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2020-21 ഭരണാനുമതി നൽകിയിട്ടുണ്ട്. പൈലറ്റ് സ്റ്റഡി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിനായി കൺസൾട്ടന്റിനെ നിയമിക്കുകയും, കിഫ്ബിയുടെ നിർദ്ദേശാനുസരണം വിശദമായ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്.<br><br>• കോവിഡ് 19 ന്റെ-വ്യാപനം തടയുന്നതിന്റെ ഭാഗമായി സാനിറ്റൈസർ നിർമ്മാണം ആരംഭിച്ചു. ഇതുവരെ 20 ലക്ഷം ലിറ്റർ സാനിറ്റൈസർ വിതരണം ചെയ്തു.<br><br>• മാസ്ക്, ഗ്ലൗസ്, വ്യക്തിശുചിത്വ ഉപകരണങ്ങൾ (PPE Kit) എന്നിവ വിതരണം ചെയ്തു.<br><br>• കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടെക്നോളജിയുമായി സഹകരിച്ച് വിവിധ മെഡിക്കൽ ഡിവൈസസ് ഉല്പാദിപ്പിക്കാൻ തീരുമാനിച്ചു. ആദ്യ പടിയായി ഡിസ്ഇൻഫക്ഷൻ ഗേറ്റ് വേ, യു.വി ബേസ്ഡ് മാസ്ക്, ഡിസ്പോസൽ ബിൻ, എക്സാമിനേഷൻ ബൂത്ത് , സ്വാബ് കളക്ഷൻ ബൂത്ത് , ഐസൊലേഷൻ പോഡ് എന്നിവയുടെ നിർമ്മാണം പ്രാരംഭമായി തുടങ്ങുകയും ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി 23 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 23 സ്വാബ് കളക്ഷൻ ബൂത്ത് നിർമ്മിച്ചു വിതരണം ചെയ്തു.<br><br>• നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കാലിക്കറ്റുമായി (NIT Calicut) ചേർന്ന് മെഡിക്കൽ ഡിവൈസസ് നിർമ്മാണത്തിനായി കരാർ ഒപ്പിടുകയും, പരീക്ഷണാടിസ്ഥാനത്തിൽ വെന്റിലേറ്റർ നിർമ്മിക്കുന്നതിനുള്ള |

| | |
|---|---|
| | ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.<br>• ന്യുമോണിയ, അപസ്മാരം, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്കായുള്ള 15 ഇനം മരുന്നുകൾ വികസിപ്പിക്കുന്നതിനായി CSIR – KSDP സംയുക്ത ധാരണാപത്രം ഒപ്പുവെച്ചു. ഇതിൽ രണ്ട് മരുന്നുകളുടെ നിർമ്മാണം പൂർത്തിയാക്കി സ്റ്റെബിലിറ്റി പരീക്ഷണത്തിനായി സൂക്ഷിച്ചിട്ടുള്ളതും ബാക്കിയുള്ളവയുടെ ഗവേഷണം പുരോഗമിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## 2016-2020 വരെയുള്ള വിറ്റുവരവ് (ലക്ഷത്തിൽ)

| ക്രമ നം. | സാമ്പത്തിക വർഷം | വിറ്റ് വരവ് | ലാഭം/നഷ്ടം |
|---|---|---|---|
| 1 | 2016-17 | 2796.24 | -523.39 |
| 2 | 2017-18 | 2977.57 | 485.82 |
| 3 | 2018-19 | 4899.12 | 315.68 |
| 4 | 2019-20 | 6607.99 | 691.88 |
| 5 | 2020-21 | 12277.6 | 1548.30 (provisional) |

സെക്ഷൻ ഓഫീസർ